പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

12.03.2020 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ **2520**

## പുതുതായി ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) പുതുതായി എത്രപേർക്കാണ് ഈ സർക്കാരിന്റെ കാലത്ത് തൊഴിൽ നേടാനായതെന്ന് അറിയിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജനുവരി 2020 വരെ 1,27,595 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖാന്തരം 05/16 മുതൽ 1/2020 വരെ 43,842 പേർക്കും തൊഴിൽ നേടാനായിട്ടുണ്ട്. വ്യവസായ പരിശീലന വകുപ്പ് മുഖേന ഐ.ടി.ഐ.കളിലെ 8,598 ട്രെയിനികൾക്ക് പ്ലേസ്മെന്റ് സെൽ മുഖേനെയും ഐ.ടി.ഐ.കൾ നടത്തിയ തൊഴിൽ മേളകളിലൂടെയും 14,420 പേർക്കും തൊഴിൽ നേടാനായി. കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ സംരഭങ്ങൾ മുഖേന 1,97,936 പേർക്ക് തൊഴിൽ നേടാൻ ആയിട്ടുണ്ട്. |
| (സി) മാറിയ കാലഘട്ടത്തിനനുസരിച്ചുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാമാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

1.കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പിന് കീഴിൽ താഴെപ്പറയുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു.

**യുവവീവ് പദ്ധതി**

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ 20 പേര് അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി പരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്ന് മൂന്ന് മാസം സ്റ്റൈപന്റും വേതനവും ചേർത്തു നൽകുന്നതാണ്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി കൈത്തറി ഡയറക്ടർ ചെയർമാനായും, കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനർ ആയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ: അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായും കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനർ ആയും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും കുടുംബശ്രീയും ചേർന്ന് നിർവ്വഹിക്കുന്നു.

**ഒരു വീട്ടിൽ ഒരു തറി**

2017-2018 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി പ്രകാരം നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40,000/- രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2, കയർ വികസന വകുപ്പിന് കീഴിലുള്ള പ്രോജക്ട് ഓഫീസുകളുടെ പരിധിയിൽ പുതുതായി 112 കയർ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കുടുംബശ്രീ പങ്കാളിത്തത്തോടെയും 100 ഡീഫൈബറിംഗ് മില്ലുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

3. വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 55740 സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ആരംഭിച്ചു.

4. കേരള ദിനേശ് ബീഡി തൊഴിലാളി സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ താഴെപ്പറയുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു.

- കണ്ണൂരിൽ ദിനേശ് ഉല്പന്നങ്ങളുടേയും മറ്റും വിപണന കേന്ദ്രം ആരംഭിച്ചു. ദിനേശ് ഉല്പന്നങ്ങളുടേയും മറ്റ നിത്യോപയോഗ സാധനങ്ങളുടേയും വിപണന കേന്ദ്രം ധർമ്മടം പ്രൈമറി സംഘത്തിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചു.
- പയ്യന്നൂർ പ്രൈമറി സംഘത്തിന്റെ കീഴിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ 'കഫേ ദിനേശ്' എന്ന പേരിൽ റസ്റ്റോറന്റും ദിനേശ് ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 'ദിനേശ് ഷോപ്പി' യും പ്രവർത്തനമാരംഭിച്ചു.
- കണ്ണൂർ പ്രൈമറി സംഘത്തിന്റെ കീഴിൽ 'കഫേ ദിനേശ്' എന്ന പേരിൽ റസ്റ്റോറന്റ് പ്രവർത്തനമാരംഭിച്ചു.

- നീലേശ്വരം പ്രൈമറി സംഘത്തിന്റെ കീഴിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ "കഫേ ദിനേശ് റസ്റ്റോറന്റ് & കാറ്ററിംഗ് ' യൂണിറ്റും, ദിനേശ് ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 'ദിനേശ് ഷോപ്പി'യും പ്രവർത്തനമാരംഭിച്ചു.

5. ഖാദി മേഖലയിൽ പുതുതായി 35 ഖാദി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ചു. തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ചേർത്തല, പയ്യോളി, കമ്പിടി, ഇരിക്കൂർ, ചേർക്കള. പേരാവൂർ എന്നിവിടങ്ങളിലായി പുതിയ ഖാദി ഷോറൂമുകൾ തുറന്നു.

സെക്ഷൻ ഓഫീസർ

കൈത്തറി മേഖലയുമായി ബന്ധപ്പെട്ട് വിപണിയുടെ അഭിരുചി മനസിലാക്കി. അതിനനുസൃതമായ ഓർഗാനിക് ഡൈ പോലെയുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു. കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാ പത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം.കൾ സ്ഥാപിച്ചുകഴിഞ്ഞു. 31.03.2020-ൽ 620 എ.എസ്.എം.കൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം.കൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എൻ.സി.ഡി.സി-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനു കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ കെ.എസ്.സി.എം.എം.സി ആരംഭിച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട് തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## 1. സംരംഭക സഹായ പദ്ധതി ( ഇ.എസ്.എസ് )

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് 01/04//2002 ൽ സംരംഭക സഹായപദ്ധതി നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം ഉൽപാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

## 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനം നിക്ഷേപമുള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്ന് നടത്തുന്ന ഉൽപാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനു പുറമെ 2020-21 വാർഷിക പദ്ധതിയിൽ ചുവടെ വിവരിക്കുന്ന പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകികൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പുതിയതായി രജിസ്റ്റർ ചെയ്ത (സേവന മേഖല ഒഴികെ) ചെറു സംരംഭങ്ങൾക്ക് സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ

പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

## 4. നൈപുണ്യ സംരംഭക വികസന കേന്ദ്രങ്ങൾക്കുള്ള സഹായം

സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നൈപുണ്യ സംരംഭക വികസന വ്യവസായിക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സംഘമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മരാമത്ത് ജോലികൾ, നിർമ്മാണ മേഖലയിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ് അറ്റകുറ്റപ്പണികൾ, കൃഷി, വ്യവസായം എന്നീ മേഖലകളിൽ നൈപുണ്യം ഉള്ളതും ഇല്ലാത്തതുമായ തൊഴിലാളികളെ കണ്ടെത്തി ഹ്രസ്വ പരിശീലനങ്ങളും ഉപകരണങ്ങളും പണിയായുധങ്ങളും സജ്ജമാക്കികൊണ്ട് പൊതുജനങ്ങൾക്ക് അവരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കി, തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി നാളികേരാധിഷ്ഠിത ഉല്പന്നങ്ങളുടെ വിപുലീകരണം വിവിധ പ്രൈമറി സംഘങ്ങളുടെ കീഴിൽ "കഫേ ദിനേശ് " എന്ന ബ്രാൻഡിൽ റസ്റ്റോറന്റുകൾ, 'ദിനേശ് ഷോപ്പി" എന്ന പേരിൽ ദിനേശ് ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ എന്നീ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ പ്ലാസ്റ്റിക്കിന്റെ നിരോധനവുമായി ബന്ധപ്പെട്ട് ഗ്രീൻ പ്രോട്ടോകോളിന് അനുസരിച്ച് പ്രകൃതി സൗഹാർദ്ദ വസ്തുവായ ഈറ്റ/മുളയിൽ നിന്നും വിവിധ തരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വില്പന നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൊറുഗേറ്റഡ് ബാംബൂ ഷീറ്റ്, ബാംബൂ കൊയർ ബോർഡ്, കരകൗശല ഉൽപ്പങ്ങൾ, ബാംബൂ സൗഹൃദ ബിൽഡിംഗ് മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. കാഡ്കോ -യുടെ കീഴിൽ മരം, സ്റ്റീൽ എന്നിവ കൊണ്ടുള്ള ഫർണിച്ചർ സാധനങ്ങൾ ആധുനിക രീതിയിലുള്ള യന്ത്ര സാമഗ്രികളുടെ സഹായത്തോടെ ഉൽപ്പാദിപ്പിക്കുന്നതിനായി കൊല്ലം ഉമയനല്ലൂരിൽ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. മാരാരിക്കുളത്ത് ഒരു പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. .

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാകുന്ന തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ട്രെയിനിംഗ്, സബ്സിഡി എന്നിവ നൽകുന്നതിന് ഉദ്ദേശിക്കുന്നു.

തൊഴിൽ സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും തൊഴിലിനോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും സർക്കാർ ഐ.ടി.ഐ.കളിൽ സംരഭകത്വ ക്ലബ്ബുകൾ (ED Club) രൂപീകരിച്ചിട്ടുണ്ട്.

(signature)
സെക്ഷൻ ഓഫീസർ